**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1885** **05-07-2022 - ൽ മറുപടിയ്ക്ക്**

**കായിക മേഖലയുടെ അടിസ്ഥാന സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ കായിക മേഖലയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | **സംസ്ഥാനത്തെ കായിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചുകൊണ്ട് സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും കളിക്കളത്തിൽ എത്തിക്കുന്നതിന് സ്പോർട്സ് കേരള ഫൗണ്ടേഷൻ കായിക യുവജനകാര്യാലയത്തിന്റെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ, കായിക യുവജന കാര്യാലയത്തിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ നവീകരണ / പുനരുദ്ധാരണ പ്രവൃത്തികൾ, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ ആധുനിക വത്കരണം, വിവിധ സ്കൂളുകളിലെ ഗ്രൗണ്ടുകളുടെ നവീകരണം / നിർമ്മാണം, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ നിർമ്മാണം / നവീകരണം തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്തു വരുന്നു.**<br><br>**ബഹു. എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് വിവിധ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്ന പ്രവൃത്തികളും, സ്പോർട്സ് സ്കൂളുകൾക്കാവശ്യമായ കായിക ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ, സംസ്ഥാന സർക്കാരിന്റെ അനുമതിയോടെ വിവിധ വകുപ്പുകളുടെ (വനം-വന്യജീവി വകുപ്പ്, വിദ്യാഭ്യാസവകുപ്പ്) ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ നിർമ്മാണ / നവീകരണ പ്രവൃത്തികളും, വട്ടിയൂർക്കാവ് ഷൂട്ടിംഗ് അക്കാഡമിയുമായുള്ള അനുബന്ധ പ്രവൃത്തികളും ചെയ്തു വരുന്നു.**<br><br>**ജി.വി. രാജ സ്പോർട്സ് സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലുള്ള കായിക നിർമ്മിതികൾ (സിന്തറ്റിക് ട്രാക്ക്, സിന്തറ്റിക് ഫുട്ബോൾ ടർഫ്, സിന്തറ്റിക് ഹോക്കി ടർഫ്) ഉൾപ്പെടുത്തി നവീകരിക്കുന്ന പ്രവൃത്തികളും പൂർത്തിയായി.** |

കായിക രംഗത്തെ വളർച്ചയ്ക്കായും കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 2016-2017 ബഡ്ജറ്റിലും, 2017-2018 ബഡ്ജറ്റിലുമായി 59 പദ്ധതികൾ എസ്.പി.വി.ആയ കിറ്റ്കോയെ ചുമതലപ്പെടുത്തിയിരുന്നു. ഇതനുസരിച്ച് കിറ്റ്കോ 8 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 4 പ്രവൃത്തികൾ ഏറെക്കുറെ പൂർത്തീകരിച്ച ശേഷം ഫയർ എൻഒസി ലഭ്യമാക്കുന്നതിനുള്ള നടപടികൾ കിറ്റ്കോ സ്വീകരിച്ചു വരികയാണ്. 18 പദ്ധതികളുടെ പ്രവൃത്തി പുരോഗമിക്കുകയും 5 പദ്ധതികൾ ടെൻഡറിംഗ് ഘട്ടത്തിലുമാണ്. കായിക വകുപ്പിലെ കിഫ്ബി ധന സഹായത്തോടെ നടത്തുന്ന കായിക അടിസ്ഥാന വികസന പ്രവൃത്തികളുടെ എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) ആയി കായിക വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സ്പോർട്സിനും വിനോദത്തിനും അനുയോജ്യമായ ഉറപ്പായ സ്ഥലങ്ങൾ ലഭ്യമല്ലാത്തതാണ് സംസ്ഥാനത്തെ ഗ്രാമീണ കായിക വികസനത്തിന് സർക്കാരിന്റെ മുന്നിലുള്ള പ്രധാന തടസ്സം. ഇത് പരിഗണിച്ച്, ഓരോ ഗ്രാമത്തിലും കുറഞ്ഞത് ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കുന്നതിനുള്ള ലെവൽ - 1 കായിക വിനോദങ്ങൾ വികസിപ്പിക്കുന്നതിനുള്ള ഒരു മഹത്തായ പരിപാടിക്ക് ഗവൺമെൻറ് രൂപം നല്കുകയും 2021 - 22 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഈ പദ്ധതി പ്രഖ്യാപിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളിൽ നിന്നും മുൻഗണനാ അടിസ്ഥാനത്തിലുള്ള പ്രൊപ്പോസലുകൾ സ്വീകരിക്കുകയും പരിശോധിക്കുകയും സ്ഥല പരിശോധന നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ പരാമർശിക്കുന്ന ഘടകങ്ങൾക്കനുസൃതമായവ തിരഞ്ഞെടുത്ത് മുൻഗണനാ പട്ടിക തയ്യാറാക്കുന്ന നടപടി സ്വീകരിച്ചു വരുന്നു.

ഇന്ത്യയിൽ അതിവേഗം പ്രചാരം നേടികൊണ്ടിരിക്കുന്ന ഒരു ആഗോള പ്രതിഭാസമാണ് ഔട്ട്ഡോർ ജിം. പരമ്പരാഗത ജിമ്മുകൾ ഒന്നുകിൽ അക്സസ് ചെയ്യാനാകാത്തതോ അല്ലെങ്കിൽ

| | | | |
|---|---|---|---|
| | | | **ഒഴിവാക്കുന്നതോ ആയ ഒരു വലിയ ശതമാനം ആളുകൾക്ക് വ്യായാമം ചെയ്യാൻ ഉപബോധമനസ്സോടെ ആളുകളെ പ്രേരിപ്പിക്കാൻ ഔട്ട്ഡോർ ജിമ്മുകൾ സഹായിക്കുന്നു. ആയതിനായി ഭരണാനുമതി നൽകിയ 9 ഫിറ്റ്നസ് സെൻററുകളുടെ പ്രവൃത്തികൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. 10 ഫിറ്റ്നസ് സെൻററുകളുടെ ഭരണാനുമതി നൽകുകയും പ്രവൃത്തികളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലുമായി പുരോഗമിച്ചു വരികയുമാണ്.**<br><br>**ഇവ കൂടാതെ ടൂറിസം വകുപ്പിന്റെ കീഴിൽ 7 ജില്ലകളിൽ (തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്) തെരഞ്ഞെടുക്കപ്പെടുന്ന സ്ഥലങ്ങളിൽ ഓപ്പൺ ജിം തുടങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ടൂറിസം വകുപ്പിൽ നിന്നും പ്രസ്തുത ജില്ലകളിലെ സ്ഥലം നിശ്ചയിക്കുന്ന മുറയ്ക്ക് പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ ആരംഭിക്കുന്നതാണ്.**<br><br>**കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന നടപ്പിലാക്കി വരുന്ന അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ <u>അനുബന്ധമായി</u> ഉൾക്കൊള്ളിക്കുന്നു.** |
| (ബി) | സംസ്ഥാന സർക്കാരിന്റെ കായിക നയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (ബി) | **സംസ്ഥാനത്തിന് പുതിയ കായിക നയം രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.** |

സെക്ഷൻ ഓഫീസർ

അനുബന്ധം

## 1. തിരുവനന്തപുരം

**(1.) ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം**

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കീഴിലുള്ള ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ ഫുട്ബോൾ ടർഫിൻറെ പ്രവർത്തനം പൂർത്തിയായിട്ടുണ്ട്. സിന്തറ്റിക് ട്രാക്ക് നിർമ്മാണ പ്രവർത്തി അവസാനഘട്ടത്തിലാണ്. ടി നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത് കായിക യുവജനകാര്യാലയത്തിന് കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേനയാണ്. ടി സ്റ്റേഡിയത്തിനോടനുബന്ധിച്ച് സ്പോർട്സ് ഫിറ്റ്നസ് സെൻററും സ്ഥാപിച്ചിട്ടുണ്ട്.

**(2.) പിരപ്പൻകോട് അന്താരാഷ്ട്ര നീന്തൽകുളം**

പിരപ്പൻകോട് നീന്തൽകുളത്തിലെ നിർമ്മാണ പ്രവർത്തനം പൂർത്തീ കരിച്ചിട്ടുണ്ട്. അവിടെ അടിയന്തിരമായി നടപ്പിലാക്കേണ്ട മറ്റ് നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് കായിക യുവജന കാര്യ ഡയറക്ടറേറ്റ് മുഖേന നടപടികൾ സ്വീകരിച്ചു വരുന്നു. ടി നീന്തൽകുളത്തിനോടനുബന്ധിച്ച് സ്പോർട്സ് ഫിറ്റ്നസ് സെൻററും സ്ഥാപിച്ചിട്ടുണ്ട്.

**(3). ശംഖും മുഖം ജി.വി.രാജ ഇൻഡോർ സ്റ്റേഡിയം**

ജി.വി. രാജ ഇൻഡോർ സ്റ്റേഡിയത്തിലെ റൂഫിന് കനത്ത കാറ്റിലും മഴയിലും നാശനഷ്ടങ്ങൾ സംഭവിച്ചിരുന്നു.. പ്രസ്തുത തകരാറുകൾ കായിക യുവജനകാര്യാലയത്തിന് കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന പൂർത്തീകരിച്ച് ബാഡ്മിൻറൺ കായിക ഇനത്തിൽ കായികതാരങ്ങളും , മാനദണ്ഡങ്ങൾ പാലിച്ച് പൊതുജനങ്ങളും പരിശീലനം നടത്തി വരുന്നു.

**(4). ഇടവ സ്റ്റേഡിയം**

ഇടവ സ്റ്റേഡിയത്തിൽ നടപ്പിലാക്കുന്ന ജില്ലാ സ്റ്റേഡിയ നിർമ്മാണ പ്രവർത്തനങ്ങൾ കായികയുവജനകാര്യാലയം വഴി നടപ്പിലാക്കി വരുന്നു.

**(5() നന്ദിയോട് സ്വിമ്മിംഗ് പൂൾ**

നന്ദിയോട് സ്വിമ്മിംഗ് പൂളിൻറ നവീകരണ പ്രവർത്തനം കായിക യുവജന കാര്യാലയത്തിലെ എഞ്ചിനിയറിംഗ് വിഭാഗം മുഖേന നടപ്പിലാക്കിയിട്ടുണ്ട്. ടി നീന്തൽക്കുളത്തിൽ കായികതാരങ്ങളും , മാനദണ്ഡങ്ങൾ പാലിച്ച് പൊതുജനങ്ങളും പരിശീലനം നടത്തി വരുന്നു.

## 2. കൊല്ലം

**ന്യൂ ഹോക്കി സ്റ്റേഡിയം**

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൻറെ കീഴിലുള്ള ന്യൂ ഹോക്കി സ്റ്റേഡിയത്തിൽ , നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത് കായികവകുപ്പിന് കീഴിലുള്ള എഞ്ചിനിയറിംഗ് വിഭാഗം മുഖേനയാണ്. ടി സ്റ്റേഡിയത്തിൽ സ്പോർട്സ് ഫിറ്റ്നസ് സെൻറർ സ്ഥാപിക്കു കയും കായികതാരങ്ങൾ പരിശീലനം നടത്തി വരുകയും ചെയ്യുന്നു.

## 3.കോട്ടയം

**ഇൻഡോർ സ്റ്റേഡിയം**

കോട്ടയം ഇൻഡോർ സ്റ്റേഡിയത്തിൻറെ നിർമ്മാണ പ്രവർത്തനം നാഷണൽ ഗെയിംസ് സെക്രട്ടറിയേറ്റ് മുഖേന പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ടി സ്റ്റേഡിയത്തിൻറെ റൂഫിൽ ചോർച്ച ഉണ്ടാവുകയും ആയത് പരിഹരിക്കുന്നതിന് കായിക യുവജന കാര്യാലയത്തിലെ സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുകായും ചെയ്തിട്ടുണ്ട് . കോട്ടയം ജില്ലാ സ്പോർട്സ് കൗൺസിലിന് കീഴിൽ നെഹ്റു സ്റ്റേഡിയത്തിൽ ഒരു ഫിറ്റ്നസ് സെൻറർ പ്രവർത്തിച്ച് വരുന്നു.

## 4. ആലപ്പുഴ

**രാജ കേശവദാസ് നീന്തൽകുളം**

രാജകേശവദാസ് നീന്തൽകുളത്തിലെ നവീകരണ പ്രവർത്തനം കായിക യുവജനകാര്യാലയത്തിലെ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന നടപ്പിലാക്കി വരുന്നു.

5. ഇടുക്കി

ഇടുക്കി വോളീബോൾ അക്കാഡമി

ഇടുക്കി വോളീബോൾ അക്കാഡമിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ കായിക യുവജനകാര്യാലയത്തിലെ എഞ്ചിനിയറിംഗ് വിഭാഗം മുഖേന പൂർത്തികരിക്കുകയും സ്പോർട്സ് അക്കാഡമിയിലെ കായികതാരങ്ങൾ പരിശീലനം നടത്തി വരികയും ചെയ്യുന്നു . ഇടുക്കി വോളീബോൾ

അക്കാഡമിയിൽ കഴിഞ്ഞ മഴക്കാലത്ത് മഴയിൽ വെള്ളം കയറി നാശ് നഷ്ടം സംഭവിക്കുകയും ആയത് ജില്ലാ സ്പോർട്സ് കൗൺസിൽ മുഖേന നവീകരിക്കുകയും ചെയ്തിട്ടുണ്ട്..

2. എച്ച്.എ.ടി.സി മൂന്നാർ

മൂന്നാറിലെ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെൻററിലെ ഹോസ്റ്റലിലെ നവീകരണ പ്രവർത്തനം കായികയുവജനകാര്യാലയത്തിന് കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന പൂർത്തീകരിക്കുകയും കായികതാരങ്ങൾക്ക് താമസത്തിന് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

6. എറണാകുളം

1. പനംപള്ളി നഗർ ഫുട്ബോൾ സ്റ്റേഡിയം

എറണാകുളം ജില്ലയിലെ പനംപള്ളിനഗർ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഫുട്ബോൾ സ്റ്റേഡിയം നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ച് കായിക താരങ്ങൾ പരിശീലനം നടത്തി വരുന്നു.

7. തൃശ്ശൂർ

1.തൃശ്ശൂർ അക്വാട്ടിക് കോംപ്ലക്സ്

തൃശ്ശൂർ ജില്ലാ സ്പോർട്സ് കൗൺസിലിന് കീഴിലുള്ള നീന്തൽകുളത്തിലെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുകയും ആയത് കായിക താരങ്ങൾ പരിശീലനത്തിന് ഉപയോഗിച്ചു വരുകയും ചെയ്യുന്നു .

2. വി.കെ.എൻ.മേനോൻ ഇൻഡോർ സ്റ്റേഡിയം

വി.കെ.എൻ.മേനോൻ ഇൻഡോർ സ്റ്റേഡിയം നിർമ്മാണം പൂർത്തീകരിച്ച് ആയത് കായികതാരങ്ങൾക്ക് തുറന്ന് കൊടുത്തിട്ടുള്ളതാണ്. ടി സ്റ്റേഡിയത്തിൽ അത്യാധുനിക രീതിയിലുള്ള ഒരു ഫിറ്റ്നസ് സെൻറർ കായിക യുവജനകാര്യാലയത്തിലെ എഞ്ചിനിയറിംഗ് വിഭാഗം മുഖേന നിർമ്മിക്കുകയും ആയത് കായിക താരങ്ങളും പൊതുജനങ്ങളും ഉപയോഗിച്ചു വരുന്നു.

8. മലപ്പുറം

1. മഞ്ചേരി സ്പോർട്സ് കോംപ്ലക്സ്

മലപ്പുറം ജില്ലാ സ്പോർട്സ് കൗൺസിലിന് കീഴിൽ മഞ്ചേരി സ്പോർട്സ് കോംപ്ലക്സിൻറെ പ്രവർത്തനം പൂർത്തീകരിച്ച് കായിക താരങ്ങൾക്ക് പരിശീലനത്തിനായി അനുവദിച്ചിട്ടുണ്ട്..

2. കോട്ടപ്പടി ഫുട്ബോൾ സ്റ്റേഡിയം

കോട്ടപ്പടി ഫുട്ബോൾ സ്റ്റേഡിയത്തിൻറെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ആയത് കായികതാരങ്ങൾക്ക് പരിശീലനത്തിനായി അനുവദിച്ചിട്ടുണ്ട്..

9. പാലക്കാട്

പാലക്കാട് മെഡിക്കൽ കോളേജ് ഗ്രൗണ്ട്

പാലക്കാട് മെഡിക്കൽ കോളേജിന്റെ ഉടമസ്ഥയിലുള്ള ഗ്രൗണ്ടിൽ കേരള സ്റ്റേറ്റ് സ്പോർട്സ്

കൗൺസിലിൻറെ ഫണ്ട് വിനിയോഗിച്ച് സിന്തറ്റിക് ട്രാക്ക് നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ഫുട്ബോൾ സ്റ്റേഡിയവും നിർമ്മിച്ചിട്ടുണ്ട്.

## 10.വയനാട്

**ജില്ലാ സ്റ്റേഡിയം മുണ്ടേരി കൽപ്പറ്റ**

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൻറെ ഉടമസ്ഥതയിലുള്ള 8 ഏക്കർ സ്ഥലത്ത് ജില്ലാ സ്റ്റേഡിയം നിർമ്മിക്കുന്നതിന് 2017 ൽ 18 കോടി 42 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 13 കോടി 15 ലക്ഷം രൂപയുടെ ഒന്നാംഘട്ട സിവിൽ പ്രവൃത്തികൾ ആരംഭിക്കുകയും ഏകദേശം 99% പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 8 കോടി രൂപയുടെ രണ്ടാംഘട്ട പ്രവൃത്തിയുടെ ഭാഗമായി സിന്തറ്റിക് ട്രാക്കിൻറെ നിർമ്മാണം അവസാനഘട്ടത്തിലാണ്.

## 11.കോഴിക്കോട്

**1. വി.കെ.കെ.മേനോൻ ഇൻഡോർ സ്റ്റേഡിയം**

ടി സ്റ്റേഡിയത്തിന്റെ പണി പൂർത്തീകരിച്ച് കായിക താരങ്ങൾ പരിശീലനം നടത്തി വരുന്നു. കൂടാതെ ടി സ്റ്റേഡിയത്തിൽ 20 ലക്ഷം രൂപ ചെലവഴിച്ച് ടേബിൾ ടെന്നീസ് ഹാൾ നവീകരിക്കുകയും കായിക താരങ്ങൾക്ക് പരിശീലനത്തിന് അനുവദിച്ചിട്ടുമുണ്ട്. കോർപ്പറേഷൻ സ്റ്റേഡിയത്തിൽ ജിംനാസ്റ്റിക്സ് പരിശീലന കേന്ദ്രം ആരംഭിക്കുകയും പരിശീലനം നടത്തുകയും ചെയ്തു വരുന്നു

2. മാനാഞ്ചിറയിൽ ജില്ലാ സ്പോർട്സ് കൗൺസിലിൻറെ നേതൃത്വത്തിൽ ഓപ്പൺ ജിംനേഷ്യം പ്രവർത്തിച്ച് വരുന്നു.
3. ഈസ്റ്റ് നടക്കാവ് സ്വിമ്മിംഗ് പൂളിനോട് ചേർന്ന് ഹെൽത്ത് ക്ലബ് പ്രവർത്തിച്ച് വരുന്നു

**2. നടുവണ്ണൂർ വോളീബോൾ അക്കാഡമി**

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടുവണ്ണൂരിൽ വോളീബോൾ അക്കാഡമിയുടെയും, ഹോസ്റ്റൽ കെട്ടിടത്തിൻറെയും പ്രവൃത്തി പുരോഗമിച്ച് വരുന്നു.

## 12.കണ്ണൂർ

**1. മുണ്ടയാട് ഇൻഡോർ സ്റ്റേഡിയം**

മുണ്ടയാട് ഇൻഡോർ സ്റ്റേഡിയത്തിൻറെ നിർമ്മാണ പ്രവർത്തനം നാഷണൽ ഗെയിംസ് സെക്രട്ടറിയേറ്റ് വഴി പൂർത്തീയാക്കുകയും കായികതാരങ്ങൾക്ക് പരിശീലനത്തിന് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

**2. കക്കാട് സ്വിമ്മിംഗ് പൂൾ**

ടി സ്വിമ്മിംഗ് പൂളിൻറെ നിർമ്മാണ പ്രവർത്തനം കായികയുവജനകാര്യാലയത്തിലെ എഞ്ചിനിയറിംഗ് വിഭാഗം മുഖേന പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ടി പൂളിൽ അറ്റകുറ്റ പണികൾ നടത്തേണ്ട സാഹചര്യം നിലനിൽക്കുന്നതിനാൽ ടി പ്രവൃത്തി നടപ്പിലാക്കുന്നതിന് കായികയുവജനകാര്യാലയത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പാലക്കാട്, പത്തനംതിട്ട ജില്ലകളിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൻറെ കീഴിലോ, ജില്ലാ സ്പോർട്സ് കൗൺസിലിൻറെ കീഴിലോ സ്റ്റേഡിയങ്ങൾ, സ്വിമ്മിംഗ് പൂളുകൾ എന്നിവ നിലവിലില്ല

Rajeev R Pillai
സെക്ഷൻ ഓഫീസർ